
# മറക്കരുത്*

പി.എൻ.ഗോപീകൃഷ്ണൻ

ഇങ്ങനെയും കുറേ മലയാളികൾ
എഡിറ്റർ: ടി.എൻ. ജോയ്
പേജ്: 226
വില: 200
ഫ്ളെയിം ബുക്സ്
തൃശൂർ




**എഴുപതുകളിലെ** വിജയിച്ചയുവത്വ മാണ് ഇന്ന് കേരളത്തെ ഭരിക്കുന്നത്. കേന്ദ്രത്തിലും ഭരണത്തിലെ താക്കോൽ സ്ഥലങ്ങളിൽ അവരുണ്ട്. അവരെ ഏ. കെ. ആന്റണി എന്നോ ഉമ്മൻ ചാണ്ടി എന്നോ വയലാർ രവി എന്നോ പിണറായിവിജയൻ എന്നോ കൊടിയേരി ബാലകൃഷ്ണൻ എന്നോ തരാതരം പോലെ വിളിയ്ക്കാം. ഇവരുടെയൊക്കെ പാത പൂവിരിച്ചതായിരുന്നു എന്നല്ല ഈ പറയുന്നതിനർത്ഥം. അധികാരത്തിന്റെ ഉടമസ്ഥത ഏറിയും കുറഞ്ഞും ഇവരിൽ എത്തിച്ചേർന്നു നിൽക്കുന്നു എന്ന പരമാർത്ഥം മാത്രമാണുദ്ദേശിക്കുന്നത്.

എന്നാൽ എഴുപതുകളുടെ യുവത്വം ഇവർ മാത്രമായിരുന്നോ? നിശ്ശബ്ദതയിലേയ്ക്കും നിസ്സഹായതയിലേയ്ക്കും നിസ്സംഗതിയിലേക്കും മങ്ങിപ്പോയ ചിലർ ഇല്ലേ? ആയിരത്തി തൊള്ളായിരത്തി എഴുപത്തഞ്ചിലെ ജൂൺമാസം 26 ന് ഇന്ദിരാഗാന്ധിയും കൂട്ടരും ഇന്ത്യൻ ചരിത്രത്തിന് വിലങ്ങണിയിച്ചപ്പോൾ അതിനെതിരെ പ്രതികരിച്ചവർ. നക്സലൈറ്റുകൾ ബരനും ഹരിദാസനും മണിയനും ഗോപിയും മുഹമ്മദാലിയും... ചാലക്കുടി പ്രവിശ്യയിൽനിന്ന് ഭരതനും ചന്ദ്രശേഖരനും കുര്യാക്കോസും... അങ്ങനെ നീണ്ടുപോകുന്നു. അവരിൽ കെ. വേണു, ടി. എൻ. ജോയ്, ഭാസുരേന്ദ്രബാബു, സിവിക്ചന്ദ്രൻ, സോമശേഖരൻ, കിട്ടൻമാഷ്, ഹുസൈൻ കെ. എൻ. രാമചന്ദ്രൻ, പി. പി. ഉണ്ണിച്ചെക്കൻ, പി. എൻ. ദാസ്, തുടങ്ങി പലരും പില്ക്കാലത്തെ മലയാളി സാംസ്ക്കാരിക മണ്ഡലത്തിലെ പ്രസക്തസാന്നിദ്ധ്യങ്ങളായി. എന്നാൽ ഭൂരിപക്ഷം പേരും ജീവിതത്തിന്റെ ഒളിയിടങ്ങളിലേക്ക് പോയി. ഒരവകാശവാദവും ഉന്നയിക്കാതെ ഒരു പുരപ്പുറത്തു കയറിയും വിളിച്ചു കൂവാതെ രാജനും വിജയനും അങ്ങാടിപ്പുറം ബാലകൃഷ്ണനും ലോക്കപ്പിലേക്കും ജയിലിലേയ്ക്കുള്ള യാത്രയിലും ആയി അസ്തമിച്ചു. ചിലർ 'കാലമന്ദത മടുത്ത് ഭ്രാന്തിൽ നിശിത പാളങ്ങളിൽ' ചേക്കേറി.

അവരെ പിന്നീടും നാം കണ്ടു മുട്ടിയിട്ടുണ്ടാകും. കൊടുങ്ങല്ലൂരിലെ ക്ഷേത്രമൈതാനിയിൽ, ആലപ്പുഴ

**ആയിരത്തി തൊള്ളായിരത്തി എഴുപത്തഞ്ചിലെ ജൂൺമാസം 26 ന് ഇന്ദിരാഗാന്ധിയും കൂട്ടരും ഇന്ത്യൻ ചരിത്രത്തിന് വിലങ്ങണിയിച്ചപ്പോൾ അതിനെതിരെ പ്രതികരിച്ചവർ. നക്സലൈറ്റുകൾ എന്ന പിന്നീട് സാധാരണമായിത്തീർന്ന വിശേഷ നാമധാരികൾ.**

എന്ന് പിന്നീട് സാധാരണമായിത്തീർന്ന വിശേഷ നാമധാരികൾ. അസാധാരണമായ ഇച്ഛാശക്തി കാണിച്ച സാധാരണക്കാരിൽ സാധാരണക്കാർ. കൊടുങ്ങല്ലൂരു നിന്ന് ചിദം ബസ്സ്റ്റാൻന്റിൽ, മാനാഞ്ചിറ സ്ക്വയറിൽ, കിഴക്കേക്കോട്ടയിൽ, കേരളത്തിൽ എല്ലായിടത്തും വെച്ച് നാം അവരെ തിരിച്ചറിഞ്ഞില്ല. അവർ കുപ്പായമൂരി മുതുകിലെ വടുവോ,

മുണ്ടു തെരുത്തുകയറ്റി തുടയിലെ ചതവോ അടയാളമായി കാണിച്ചു തരാനും മുതിർന്നില്ല. നാമാകട്ടെ അവരെ രേഖപ്പെടുത്തി വെയ്ക്കാൻ ആഗ്രഹിച്ചുമില്ല. നാം ശ്വസിക്കുന്ന വായുമണ്ഡലത്തിൽ ജനാധിപത്യത്തിന്റെ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ശുദ്ധമായ ഒഴുക്ക് അല്പമെങ്കിലുമുണ്ടെങ്കിൽ അത് ഈ മനുഷ്യരുടെ സംഭാവനയാണ് എന്ന് ഓർമ്മിക്കാൻ മെനക്കെട്ടുമില്ല.

മറവിയേക്കാൾ ചരിത്രവിരുദ്ധത എന്നു വിളിക്കാവുന്ന ഒരിടത്ത് വ്യാപരിക്കുന്ന നമുക്ക് ഒരു താഡനമാണ് യഥാർത്ഥത്തിൽ ഇങ്ങനെയും കുറെ മലയാളികൾ' എന്ന ടി.എൻ. ജോയ് എഡിറ്റ് ചെയ്ത പുസ്തകം. അടിയന്തരാവസ്ഥയിലെ ജയിൽപ്പക്ഷികൾ എന്നാണ് ഉപശീർഷകം. അടിയന്തരാവസ്ഥകാലത്ത് ജയിലിൽ കഴിഞ്ഞിരുന്ന CPI (ML) പ്രവർത്തകരെക്കുറിച്ചുള്ള സാമാന്യവിവരങ്ങൾ, ചിലരെക്കുറിച്ചുള്ള സവിശേഷമായ ഓർമ്മകൾ (മേഘനാദനെപ്പറ്റി കെ.ജി.എസ്, മുഹമ്മദാലിയെപ്പറ്റി ഹുസൈൻ കെ. എച്ച്, ലെനിനോടും കുര്യാക്കോസിനോടും പറ്റി ഭാസുരേന്ദ്രബാബു, സലിമിനെക്കുറിച്ച് ഡോ. ഇ ദിവാകരൻ, ഉദയഭാനുവിനെക്കുറിച്ച് സോമശേഖരൻ, കെ. ആർ. രാമനെ കുറിച്ച് പി. ഉണ്ണിച്ചെക്കൻ) കെ. വേണുവിന്റെ ഫിലിപ്പ് എം സോദിന്റെ, പി.ടി. തോമസിന്റെ കെ.എൻ. രാമചന്ദ്രൻ,എം.എസ്. ജയകുമാറിന്റെ സിവിക്ചന്ദ്രന്റെ സോമശേഖരന്റെ തിരിഞ്ഞുനോട്ടങ്ങൾ, കലയേയും വിപ്ലവത്തേയും കുറിച്ച് ബി. രാജീവന്റേയും സച്ചിദാനന്ദന്റേയും ടി.എൻ. ജോയിയുടേയും വീണ്ടുവിചാരങ്ങൾ, അടിയന്തിരാവസ്ഥകാലത്ത് തടവിലായ വിവിധ രാഷ്ട്രീയപ്രവർത്തകരുടെ പട്ടിക തുടങ്ങിയവയാണ് ഈ പുസ്തകത്തിലെ ഉള്ളടക്കം. ഓർമ്മിക്കൽ, രേഖപ്പെടുത്തൽ, വിശദീകരിക്കൽ, പുനർനിർവ്വചിക്കൽ, വെളിപ്പെടുത്തൽ, ക്രോഡീകരിക്കൽ തുടങ്ങി നിരവധി ധർമ്മങ്ങളും ഈ പുസ്തകം വഹിക്കുന്നുണ്ട്. ഗൃഹാതുരതയിൽ മുങ്ങിമരിച്ച് പുതിയ തലമുറയോട് കണക്കുതീർക്കാം എന്ന വിചാരം ഈ പുസ്തകനിർമ്മിതിയ്ക്ക് പിന്നിലില്ല. പാലം കത്തിച്ചുകളഞ്ഞ് പിന്നിട്ട കയങ്ങളെ മറന്നു കളയാം എന്ന 'സമകാലിക' വിചാരവുമില്ല. അക്കാദമിക് രാജപാതയിൽ നിന്നും മാറിനില്ക്കുമ്പോൾത്തന്നെ മനുഷ്യകഥാനുഗായിത്വത്തിന്റെ കാഹളം മുഴക്കുന്നുമില്ല.

ഏത് ഗണത്തിൽപ്പെടുത്തണം എന്ന നമ്മുടെ നിർബന്ധബുദ്ധിയിൽ നിന്ന് മുക്തമാകാൻ കഴിയില്ലെങ്കിൽ ഞാൻ ഇതിനെ 'ചരിത്രം' എന്നു തന്നെ വിളിയ്ക്കാം. ഏറ്റവും നല്ല ചരിത്രപുസ്തകം ഏറ്റവും നല്ല സാംസ്ക്കാരിക വിമർശനമാണ് എന്ന ബോധ്യത്തോടെ. ഒരു കാലത്തെ യുവാക്കളിൽ നീതിബോധം എങ്ങനെ ഒരു ഭാവുകത്വമായി പ്രവർത്തിച്ചു എന്ന് നാം തീർച്ചയായും പഠിക്കേണ്ടതുണ്ട്. ഇത് ഒരു 'പ്രത്യയശാസ്ത്ര'മല്ല. അവർ അങ്ങനെ സ്വയം വിശ്വസിച്ചിരുന്നുവെങ്കിലും സ്വാത്മവിശ്വാസം എന്നത് അത്രമേൽ ചരിത്രസത്യമല്ല എന്ന് ഇന്ന് നമുക്കറിയാം. അതിനാൽ ജനാധിപത്യവിശ്വാസികൾ ആയിരുന്നോ എന്ന ചോദ്യം അവരോട് ചോദിക്കാൻ മെനക്കെടും മുമ്പ് സ്വയം ജനാധിപത്യവിശ്വാസികളായ നമുക്ക് ആ വിശ്വാസം പ്രകടിപ്പിക്കാൻ പറ്റും വിധം പരിമിതമായെങ്കിലും നമ്മുടെ പരിസരം സാംസ്ക്കാരികമായും സാമൂഹികമായും വൃത്തിയാക്കിത്തന്നത് ആരെന്ന് ആലോചിക്കേണ്ടതുണ്ട്. അപ്പോഴാണ് നമ്മുടെ അകത്തേയും പുറത്തേയും നീണ്ട ചവറുകൾ കൊത്തിമാറ്റിയെടുത്ത് ഈ ജയിൽ കാക്കളുടെ (ടി.എൻ.ജോയ് ക്ഷമിക്കട്ടെ, ജയിൽപ്പക്ഷി എന്ന കാല്പനികമധുരത്തെ വക്രീകരിച്ചതിന്) ദൗത്യത്തെപ്പറ്റി ബോധവാന്മാരും അങ്ങനെ വരുമ്പോൾ അവരുടെ ജനാധിപത്യബോധത്തേക്കാൾ നമുക്ക് നമ്മുടെ ജനാധിപത്യബോധം പ്രകടിപ്പിക്കാൻ ഇടവും അവസരവും തന്നത് അവരാണ് എന്നു ബോധ്യപ്പെടുന്നു.

ജർമ്മനിയിൽ പോയിവന്ന സുഹൃത്ത്, ആ യാത്രയിൽ ഏറ്റവും അവിസ്മരണീയമായ അനുഭവം ഒരിക്കൽ പങ്കുവെയ്ക്കുകയുണ്ടായി. നാസികൾ കൊന്നൊടുക്കിയ അനേകരുടെ സ്മരണയാർന്ന ഒരു മ്യൂസിയത്തിൽ പുറത്ത് എഴുതി വച്ചിരുന്ന വാക്കുകളാണ് 'മറക്കരുത്' ഈ മനുഷ്യർ, ഈ പുസ്തകം നമ്മോട് പറയുന്നതും അതുതന്നെ: മറക്കരുത്.

എന്നാൽ ഇത്തരം ഒരു പുസ്തകം രൂപകല്പന ചെയ്യുമ്പോൾ പാലിക്കേണ്ടിയിരുന്ന അടുക്കും ചിട്ടയും വേണ്ട വിധം പാലിച്ചിട്ടില്ല എന്നത് ഖേദകരമാണ്. ക്രമത്തെ സംബന്ധിച്ച, അടുക്കലിനെ സംബന്ധിച്ച് ക്രോഡീകരണത്തെ സംബന്ധിച്ച് സാമാന്യമായ വീഴ്ചകൾ ഇതിനുമേൽ ആരോപിക്കാവുന്നതാണ്. അക്ഷരത്തെറ്റുകൾക്കൊപ്പം അക്കത്തെറ്റുകളും. ഒരു പുസ്തകത്തെ വിലയിരുത്തുക ചരിത്രസന്ദർഭത്തിൽ വെച്ചുമാത്രമല്ല, പുസ്തകങ്ങളുടെ പാരമ്പര്യ വംശാവലിയിൽ കൂടിയുമാണ് എന്നതിനാൽ ചരിത്രദൗത്യം നിറവേറ്റുമ്പോൾത്തന്നെ മാധ്യമപരിചരണത്തിന്റെ കാര്യത്തിൽ വീഴ്ചകൾ പറ്റി എന്നു പറയാൻ ഒട്ടും ഖേദമില്ല. പ്രത്യേകിച്ചും അവർക്കും തിരുത്തുകളും മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യാവുന്ന ഒരു തുറന്ന അറ്റം ഈ പുസ്തകത്തിന് ടി എം ജോയ് കല്പിക്കുമ്പോൾ

***ശീർഷകത്തിന് അനിത തമ്പിയോട് കടപ്പാട്.**

കെ.എസ്.എഫ്.ഇ
ചെമ്പൂക്കാവ്
തൃശൂർ - 20

# പുതുക്കിയ നിയമങ്ങൾ ചതുപ്പുനിലങ്ങളെ സംരക്ഷിക്കുമോ

**വിനോദ് കുമാർ ദാമോദർ**

രാംസർ ഭൂമി കൺവെൻഷൻ പ്രകാരം സംരക്ഷിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടും സംരക്ഷണം ലഭിക്കാത്ത അഷ്ടമുടി, വേമ്പനാട് കോൾ, ശാസ്താംകോട്ട തുടങ്ങിയ കായലുകളെയും ചതുപ്പ് നിലങ്ങളെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇറക്കിയ പുതിയ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പൂർണ സംരക്ഷിത പ്രദേശങ്ങളായി സംരക്ഷിക്കേണ്ടി വരും.